## റിപ്പോർട്ട് സമർപ്പണം

(1) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുഖ്യമന്ത്രിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ വകുപ്പുമന്ത്രിയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.

കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം - സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും 2007-12 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട ഭക്ഷ്യസുരക്ഷ എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള സമിതി നടത്തിയ ചർച്ചയുടെ സംക്ഷേപം, കൃഷി, മണ്ണുപര്യവേഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ സമിതി നടത്തിയ ചർച്ചയുടെ സംക്ഷേപം എന്നിവയും സമർപ്പിക്കുന്നു.